പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 336 — 28-6-2011-ന് മറുപടിക്ക്

## പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.പി.സി.ജോർജ്ജ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) പരിസ്ഥിതിക്ക് ആഘാതം ഏല്പിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ അനിയന്ത്രിതമായ വ്യാപനം തടയുന്നതിന് പദ്ധതിയുണ്ടോ; | എ) ഉണ്ട്. |
| ബി) ഉപയോഗിച്ചശേഷം വലിച്ചെറിയപ്പെടാൻ ഇടയുള്ള പ്ലാസ്റ്റിക് ഉല്പന്നങ്ങൾ പൂർണ്ണമായി നിരോധിക്കുന്നതിനും പകരമായി പ്രകൃതി സൗഹൃദ ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; | ബി) പ്ലാസ്റ്റിക് ഉൽപന്നങ്ങൾ പൂർണ്ണമായും നിരോധിക്കുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ 4-2-2011ലെ SO 249 E നമ്പർ വിജ്ഞാപന പ്രകാരം കേന്ദ്ര പരിസ്ഥിതി വന മന്ത്രാലയം 2011 ലെ പ്ലാസ്റ്റിക് മാലിന്യ (പരിപാലന/കൈകാര്യ ചട്ടങ്ങൾ) പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം 40 മൈക്രോണിൽ താഴെ കട്ടിയുള്ള പ്ലാസ്റ്റിക് സഞ്ചികൾ ഉൽപാദിപ്പിക്കാനോ, സൂക്ഷിച്ചു വെയ്ക്കാനോ, വിതരണം ചെയ്യാനോ പാടില്ല. കൂടാതെ പുകയില, പാൻമസാല, ഗുഡ്ക തുടങ്ങിയ വസ്തുക്കൾ സംഭരിച്ചുവെയ്ക്കുന്നതിനും പാക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിനും പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ട്. ഈ നിരോധനവും മേൽപ്പടി ചട്ടങ്ങൾ അനുശാസിക്കുന്ന മറ്റ് പ്ലാസ്റ്റിക് ശേഖരണ കൈകാര്യ വ്യവസ്ഥകളും സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ ആലോചിച്ചുവരുന്നു. |
| സി) പ്ലാസ്റ്റിക് കുപ്പികൾക്കും ക്യാരി ബാഗുൾക്കും പകരം പരിസ്ഥിതിക്ക് ഇണങ്ങുന്ന പുതിയ ഉൽപ്പന്നങ്ങൾ | സി) പ്ലാസ്റ്റിക് ക്യാരി ബാഗുൾക്ക് പകരമായി ഉപയോഗിക്കാവുന്ന പേപ്പർ ബാഗുകളും തുണിസഞ്ചികളും നിർമ്മിക്കുന്ന |

നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് സബ്സിഡി വയ്പ്പ നൽകുന്ന സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

യൂണിറ്റുകൾ കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വത്തിൽ തുടങ്ങുന്നതിന് വേണ്ട പ്രോത്സാഹനം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും കൈക്കൊണ്ടിട്ടുണ്ട്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിന് ബാങ്ക് ലോണിന് പുറമേ സർക്കാർ സബ്സിഡിയും ലഭ്യമാക്കി വരുന്നു. SJSRY പദ്ധതിയും റൂറൽ മൈക്രോ എന്റർപ്രൈസസ് (RME) പദ്ധതിയും ഇതിനായി ഉപയോഗപ്പെടുത്തി വരുന്നു. ഇത്തരത്തിലുള്ള സംരംഭങ്ങൾ വ്യക്തികൾ രൂപപ്പെടുത്തിയാൽ മൂലധന ചെലവിന്റെ 30 ശതമാനമോ പരമാവധി 7500 രൂപയോ സബ്സിഡിയായി നൽകുന്നു. കുടുംബങ്ങൾ തുടങ്ങുന്ന സംരംഭങ്ങൾക്ക് 10,000 രൂപ വരെ സബ്സിഡിയും കുടുംബശ്രീ യൂണിറ്റുകളാണെങ്കിൽ മൂലധന ചെലവിന്റെ 50 ശതമാനമോ പരമാവധി 1 ലക്ഷം രൂപയോ സബ്സിഡിയായി നൽകിവരുന്നു.

ഡി) നടപ്പു സാമ്പത്തിക വർഷം പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതിയ്ക്കായി പ്രത്യേകം തുക നീക്കി വയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഡി) നടപ്പുസാമ്പത്തിക വർഷം മേഖലാ തലത്തിൽ പ്ലാസ്റ്റിക് ഷ്രെഡറുകളിൽ വിവിധ പാഴ് പ്ലാസ്റ്റിക് കവറുകൾ പൊടിക്കാനുള്ള സൗകര്യം ഉണ്ടാക്കാനും ഇത്തരത്തിൽ പൊടിച്ച പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തി പ്ലാസ്റ്റിക് ഗ്രാന്യൂളുകളാക്കാനുള്ള റീസൈക്ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധന സഹായം നൽകി പ്രോത്സാഹിപ്പിക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ